12/10/2024

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/10/2024

1. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് 2023 ലെ ജൈവവൈവിധ്യ പുരസ്ക്കാരങ്ങൾക്ക് അപേഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന വ്യക്തികളെയും മികച്ച ഗ്രാമപഞ്ചായത്ത് ജൈവവൈവിധ്യ പരിപാലന സമിതികളെയും (ബി.എം.സി). കാവുകളെയും, വിദ്യാഭ്യാസസ്ഥാപനങ്ങളെയും, മാധ്യമപ്രവർത്തകരെയും അംഗീകരിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരമാണ് 'കേരള സംസ്ഥാന ജൈവവൈവിധ്യ സംരക്ഷണ പുരസ്ക്കാരം'. അപേക്ഷകൾ ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ഓൺലൈനായി ksbbawards@gmail.com എന്ന ഈ മെയിൽ വഴി അയക്കാവുന്നതാണ്. തപാൽ വഴിയോ നേരിട്ടോ അപേക്ഷയുടെ ഹാർഡ്കോപ്പി അനുബന്ധ രേഖകൾസഹിതം മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, കൈലാസം റ്റി സി 24/3219, നം 43 ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം 69003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. വിശദവിവരങ്ങളും അപേക്ഷയുടെ മാതൃകയും www.korabbiodiversity.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2024 നവംബർ 15 ന് വൈകുന്നേരം 5 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471 2724740

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിവിധ പച്ചക്കറി വിളകളായ വഴുതന, പാവൽ, കുമ്പളങ്ങ, പയർ, വെള്ളരി, വെള്ളരി, തണ്ണിമത്തൻ, പടവലങ്ങ, വെണ്ട എന്നിവയുടെ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കൃഷി വിജ്ഞാൻ കേന്ദ്രം മലപ്പുറത്തിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി മാഗസിൻ കവർപേജ് ഡിസൈൻ മത്സരം സംഘടിപ്പിക്കുന്നു. kvkmpmdamu@gmail.com എന്ന വിലാസത്തിലേക്ക് ഇമെയിൽ വഴിയോ JPEG അല്ലെങ്കിൽ PDF ഫോർമാറ്റിൽ ഡിസൈനുകൾ ഒക്ടോബർ 13 വരെ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0494 2686329, 8547193685, kvkmalappuram@kau.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യ സമ്പദയോജന പദ്ധതിയുടെ ഘടക പദ്ധതിയായ ഉപ്പുവെള്ള പ്രദേശങ്ങളിൽ ബയോഫ്ളോക് കുളം നിർമ്മാണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത അപേക്ഷകൾ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ഒക്ടോബർ 15 വൈകീട്ട് നാല് മണിവരെ ഓഫിസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2732340.

**പരിശീലന പരിപാടി**

5. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയമായ പശു പരിപാലനം'' എന്ന വിഷയത്തെ ആസ്പദമാക്കി 14/10/2024 മുതൽ 18/10/2024 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ്

നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9496332048, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ ചെയ്യാവുന്നതാണ്.

6. വെള്ളനാട് മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രം വാഴ കർഷകർക്ക് വേണ്ടി **വാഴയുടെ സംയോജിത കൃഷി പരിപാലനം** എന്ന വിഷയത്തിൽ 22.10.2024 ന് കാർഷിക രാവിലെ 10 മണിക്ക് പരിശീലനം സംഘടിപ്പിക്കുന്നു.. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 21.10.2024 ന് വൈകിട്ട് 4.00 മണിക്ക് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രസ്തുത പരിശീലനത്തിൽ വാഴയുടെ സംയോജിത വളപ്രയോഗ രീതികൾ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, വാഴ കൃഷിയിൽ ചെറുകിട കാർഷിക യന്ത്രങ്ങളുടെ ഉപയോഗം എന്നീ വിഷയങ്ങളെ സംബന്ധിച്ചുള്ള ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ വാട്സ്ആപ്പ് മുഖേനയോ ഫോണിലൂടെയോ 9447856216 എന്ന നമ്പറിൽ ചെയ്യാവുന്നതാണ്

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ ഹ്രസ്വ കോഴ്സിലെ പുതിയ ബാച്ച് 2024 ഒക്ടോബർ 14 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കോഴ്സ് കൈകാര്യം ചെയ്യുന്നു. താൽപ്പര്യമുള്ളവർ ഒക്ടോബർ 13 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്.

www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് ഒക്ടോബർ 14 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ.ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 15 മുതൽ 25 വരെ തീയതികളിൽ പത്ത് ദിവസത്തെ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 2024 ഒക്ടോബർ 15 രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേതാണ്. രജിസ്ട്രേഷൻ ഫീ - 135/-രൂപ. വിളിക്കേണ്ട നമ്പർ 0481-2302223

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം